ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി,
തിരുവനന്തപുരം

TIME: 12.30 PM DATE: 16.05.2026

# പ്രധാനവാർത്ത

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിദേശ പര്യടനം തുടരുന്നു; ഡച്ച് പ്രധാനമന്ത്രി റോബ് യെറ്റനുമായി ഇന്ന് ഉഭയകക്ഷി ചർച്ച.
2. സംസ്ഥാനത്ത് മന്ത്രിസഭ രൂപീകരണം സംബന്ധിച്ച ചർച്ചകൾ ഊർജ്ജിതം; യുഡിഎഫ് സർക്കാരിന്റെ സത്യപ്രതിജ്ഞ തിങ്കളാഴ്ച.
3. ദേശീയ ആരോഗ്യ നയത്തിന്റെ ഭാഗമായി പ്രാഥമിക ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്ന നടപടികളാണ് രാജ്യത്ത് പിന്തുടരുന്നതെന്ന് ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയ സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ.
4. ഡെങ്കി നിയന്ത്രണത്തിൽ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കണമെന്ന സന്ദേശവുമായി ഇന്ന് ദേശീയ ഡെങ്കിപ്പനി പ്രതിരോധ ദിനം.
5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. ഇന്ന് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.

&&&&&&&&&&&&&&&&&&

<u>പി.എം - നെതർലൻഡ്</u>

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഡച്ച് പ്രധാനമന്ത്രി റോബ് യെറ്റനുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. ഡച്ച് രാജാവിനെയും രാജ്ഞിയെയും സന്ദർശിക്കുന്ന പ്രധാനമന്ത്രി ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യും. ആറു ദിവസത്തെ വിദേശ പര്യടനത്തിന്റെ ഭാഗമായി ഇന്നലെ രാത്രിയാണ് അദ്ദേഹം നെതർലൻഡ്സിലെത്തിയത്. യൂറോപ്യൻ

RNU TVPM

രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ തന്ത്രപരവും സാമ്പത്തികവുമായ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് സന്ദർശനം. പ്രധാനമന്ത്രി നാളെ സ്വീഡനും തിങ്കളാഴ്ച നോർവേയും സന്ദർശിക്കും.
പര്യടനത്തിന്റെ അവസാന ഘട്ടത്തിൽ, ഇറ്റലിയിലെത്തുന്ന പ്രധാനമന്ത്രി ചൊവ്വാഴ്ച പ്രസിഡന്റ് സെർജിയോ മാറ്ററെല്ലയുമായും പ്രധാനമന്ത്രി ജോർജിയ മെലോണിയുമായും കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&&

**പി.എം - ഹോർമുസ്**

ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതവും സുഗമവുമായ കപ്പൽ ഗതാഗതം ഉറപ്പാക്കാനുള്ള ഇന്ത്യയുടെ പിന്തുണ ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. അബുദാബിയിൽ യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ഉന്നതതല ചർച്ച നടത്തുകയായിരുന്നു അദ്ദേഹം. തന്ത്രപ്രധാനമായ പെട്രോളിയം ശേഖരം, ദീർഘകാല എൽപിജി വിതരണം, പ്രതിരോധ സഹകരണം എന്നിവ സംബന്ധിച്ച സുപ്രധാന കരാറുകളിൽ ഇന്ത്യയും യുഎഇയും ഒപ്പുവച്ചു.

&&&&&&&&&&&&&&&&&&&

**പെട്രോൾ - എക്സൈസ് തീരുവ**

പെട്രോൾ കയറ്റുമതിക്ക് ലിറ്ററിന് മൂന്ന് രൂപ പ്രത്യേക അധിക എക്സൈസ് തീരുവ ചുമത്തി കേന്ദ്ര സർക്കാർ. ഡീസൽ കയറ്റുമതിയുടെ പ്രത്യേക അധിക എക്സൈസ് ഡ്യൂട്ടി 23 രൂപയിൽ നിന്ന് 16 രൂപ 50 പൈസയായി കുറക്കുകയും ചെയ്തു. ഏവിയേഷൻ ടർബൈൻ ഇന്ധനത്തിന്റെ പ്രത്യേക അധിക എക്സൈസ് തീരുവ ലിറ്ററിന് 33 രൂപയിൽ നിന്ന് 16 രൂപയായും കുറച്ചു. പുതുക്കിയ നിരക്കുകൾ ഇന്ന് മുതൽ അടുത്ത രണ്ടാഴ്ചത്തേക്ക് പ്രാബല്യത്തിലുണ്ടാകും.

&&&&&&&&&&&&&&&&&&&

**കേരളം - മന്ത്രിസഭ**

സംസ്ഥാനത്ത് മന്ത്രിസഭ രൂപീകരണം സംബന്ധിച്ച ചർച്ചകൾ ഊർജ്ജിതമായി തുടരുന്നു. ഇന്നത്തെ യുഡിഎഫ് നേതൃ യോഗത്തിൽ മന്ത്രിമാരും വകുപ്പുകളും തീരുമാനിക്കുമെന്നാണ് സൂചന. തിങ്കളാഴ്ചയാണ് വി ഡി സതീശന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് മന്ത്രിസഭയുടെ സത്യപ്രതിജ്ഞ. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സത്യവാചകം

PNU/TVPM

ചൊല്ലിക്കൊടുക്കും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ തമിഴ്നാട് മുഖ്യമന്ത്രി വിജയ്, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി തുടങ്ങിയവർക്ക് ഔദ്യോഗിക ക്ഷണമുണ്ട്. നിയുക്ത മുഖ്യമന്ത്രി വി ഡി സതീശന്റെ ക്ഷണപ്രകാരം ബിജെപി എംഎൽഎ മാർ ചടങ്ങിൽ പങ്കെടുക്കുമെന്ന് നിയുക്ത എംഎൽഎ യും ബിജെപി സംസ്ഥാന അധ്യക്ഷനുമായ രാജീവ് ചന്ദ്രശേഖർ അറിയിച്ചു.

&&&&&&&&&&&&&&&&&

## ഡെങ്കിപ്പനി ദിനാചരണം ( ഇൻട്രോ )

ഇന്ന് ദേശീയ ഡെങ്കിപ്പനി പ്രതിരോധ ദിനം. കൊതുകുകൾ വഴി പകരുന്ന രോഗങ്ങളെ തടയുന്നത് സംബന്ധിച്ച അവബോധം വളർത്തുന്നതിനാണ് എല്ലാ വർഷവും മെയ് 16 ന് ദിനാചരണം സംഘടിപ്പിക്കുന്നത്. മൺസൂൺ ആരംഭിക്കുന്നതിന് മുമ്പ് കൊതുകുകളുടെ ഉറവിട നശീകരണം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. ഡെങ്കിപ്പനിക്കെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും വൃത്തിയുള്ളതും സുരക്ഷിതവുമായ ചുറ്റുപാടുകൾക്കായി കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ ദിനാചരണ സന്ദേശത്തിൽ പറഞ്ഞു. "ഡെങ്കി നിയന്ത്രണത്തിനായി സാമൂഹിക പങ്കാളിത്തം : പരിശോധിക്കുക, ശുചിയാക്കുക , അടച്ചു സൂക്ഷിക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. ഈഡിസ് ഇനത്തിൽപ്പെട്ട കൊതുകുകൾ പരത്തുന്ന വൈറസ് രോഗമാണ് ഡെങ്കിപ്പനി. ഡെങ്കിപ്പനിക്കെതിരെയുള്ള ഏറ്റവും മികച്ച ചികിത്സ പ്രതിരോധമാണെന്നും മുന്നറിയിപ്പ് ലക്ഷണങ്ങൾ അവഗണിക്കരുതെന്നും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. രജശി ആർ എസ് ആകാശവാണി വാർത്തകളോട്.

RNU TVPM

&&&&&&&&&&&&&&&&&

## പുണ്യ സലില ശ്രീവാസ്തവ (ഇൻട്രോ)

ദേശീയ ആരോഗ്യ നയത്തിന്റെ ഭാഗമായി പ്രാഥമിക ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്ന നടപടികളാണ് രാജ്യത്ത് പിന്തുടരുന്നതെന്ന് ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയ സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ. രാജ്യത്തെ എല്ലാ പൗരന്മാർക്കും ആരോഗ്യകരമായ ദീർഘ ജീവിതം

ഉറപ്പാക്കുകയാണ് ആയുഷ്മാൻ ഭാരതിലൂടെ ലക്ഷ്യമിടുന്നതെന്നും ആരോഗ്യ സെക്രട്ടറി പറഞ്ഞു. തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിട്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിലെ 42-ാമത് വാർഷിക ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അവർ.

ചടങ്ങിൽ 130 സീനിയർ റെസിഡന്റുമാരും വിദ്യാർഥികളും ബിരുദവും ഡിപ്ലോമയും ഏറ്റുവാങ്ങി. കേന്ദ്ര ശാസ്ത്ര സാങ്കേതിക സഹമന്ത്രി ജിതേന്ദ്ര സിങ്, വീഡിയോ സന്ദേശത്തിലൂടെ ബിരുദ ദാന ചടങ്ങിന് ആശംസകൾ അറിയിച്ചു. ലോകോത്തര നിലവാരമുള്ള മെഡിക്കൽ ഉപകരണങ്ങൾ, കുറഞ്ഞ ചിലവിൽ തദ്ദേശീയമായി വികസിപ്പിക്കുന്നതിൽ ശ്രീ ചിത്ര സുപ്രധാന സംഭവനകൾ നൽകുന്നതായി അദ്ദേഹം പറഞ്ഞു. Institute ലെ പ്രധാൻ മന്ത്രി സ്വാസ്ഥ്യ സുരക്ഷ യോജന ബ്ലോക്കിലൂടെ നിരവധി പേർക്ക് ചികിത്സ സഹായം നൽകി വരുന്നതായും അദ്ദേഹം വ്യക്തമാക്കി. Institute പ്രസിഡന്റ് സേനാപതി ക്രിസ് ഗോപാലകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

RNU TVPM

**&&&&&&&&&&&&&&&&**

**അമീബിക് മസ്തിഷ്ക ജ്വരം**

കോഴിക്കോട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിൽസയിലുള്ള രണ്ട് പേരുടേയും ആരോഗ്യ നില തൃപ്തികരം. ഫറോക് സ്വദേശിയായ 19 കാരനും കോട്ടൂർ സ്വദേശിയായ ഒൻപത് വയസുള്ള കുട്ടിയുമാണ് ചികിൽസയിലുള്ളത്. ഇവർ കനാലിൽ കുളിച്ചതായി വിവരം ലഭിച്ചതിനെ തുടർന്ന് പൊതു ജലാശയങ്ങളിൽ ക്ലോറിനേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**&&&&&&&&&&&&&&&&**

**നല്ല വാർത്ത**

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ “നല്ല വാർത്ത“ എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

**&&&&&&&&&&&&&&&&**

## പി.എം - വികാസ്

നൈപുണ്യ വികസന രംഗത്ത് പുതിയ മുന്നേറ്റത്തിന് തുടക്കം കുറിച്ചുകൊണ്ട് പി.എം വികാസ് പദ്ധതിക്ക് NIT കാലിക്കറ്റിൽ തുടക്കമാകുന്നു. മറ്റന്നാൾ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഔദ്യോഗിക ഉദ്ഘാടനവും ധാരണാപത്രം കൈമാറലും നിർവഹിക്കും. എൻ.ഐ.ടിയിലെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ആൻഡ് സ്കിൽ ഡെവലപ്മെന്റിന്റെ നേതൃത്വത്തിലാണ് പരിപാടി.

&&&&&&&&&&&&&&&&

## പാലക്കാട് - നെല്ല് താങ്ങുവില (ഇൻട്രോ)

താങ്ങു വിലയിലെ വർദ്ധന നെല്ലിന്റെ വിലയിൽ പ്രതിഫലിക്കുമെന്ന പ്രതീക്ഷയിൽ കർഷകർ. നിലവിൽ താങ്ങുവില വർധനയുടെ പ്രയോജനം കർഷകരിൽ കൃത്യമായി എത്തുന്നില്ലെന്ന് പാലക്കാട്ടെ കർഷകർ പറയുന്നു. കേന്ദ്ര സർക്കാർ താങ്ങുവില വർധിപ്പിച്ചെങ്കിലും സംസ്ഥാനത്തിന്റെ നിലവിലുള്ള പ്രോത്സാഹന വിഹിതം കുറയ്ക്കുന്നതാണ് ഇതിനു കാരണമെന്ന് കർഷകർ വ്യക്തമാക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.... (വോയ്സ്)**

&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റും, മോശം കാലാവസ്ഥയും കണക്കിലെടുത്ത്, കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. അതേസമയം, കാലവർഷം ഈ മാസം 26ന് എത്താൻ സാധ്യതയെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&

## ലക്ഷദ്വീപ് - മഴ

തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന് മുകളിലായി രൂപപ്പെട്ട ശക്തമായ ന്യൂനമർദ്ദത്തിന്റെ ഫലമായി ലക്ഷദ്വീപ് മേഖലയിൽ ശക്തമായ കാറ്റിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

PNU TVPM

മത്സ്യത്തൊഴിലാളികൾ യാതൊരു കാരണവശാലും കടലിൽ പോകരുതെന്ന് ലക്ഷദ്വീപ് ദുരന്ത നിവാരണ അതോറിറ്റിയും അറിയിച്ചിട്ടുണ്ട്. തീരദേശവാസികളും കപ്പൽ യാത്രക്കാരും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ്.

&&&&&&&&&&&&&&&&

## ഐപിഎൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ രാത്രി 07:30-നാണ് മത്സരം

&&&&&&&&&&&&&&&&

## ആകാശവാണി - സൈക്ലത്തോൺ

ആകാശവാണി തൊണ്ണൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം നിലയം സംഘടിപ്പിക്കുന്ന സൈക്ലത്തോൺ നാളെ നടക്കും. രാവിലെ 7.30 ന് കവടിയാറിൽ നിന്ന് ആരംഭിക്കുന്ന സൈക്ലത്തോൺ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും. മാനവീയം വീഥി, നിയമസഭാ മന്ദിരം, സ്റ്റാച്യു വഴി ആകാശവാണി വരെയാണ് സൈക്ലത്തോൺ.

RNU TVPM

&&&&&&&&&&&&&&&&

## സ്വർണ്ണവില

സ്വർണ വില കുറഞ്ഞു. പവന് 720 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 15,080 രൂപയും, ഗ്രാമിന് 14,385 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

## വൈശാഖോത്സവം

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിലെ തിരക്ക് പരിഗണിച്ച് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുമെന്ന് മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് ഒ കെ വാസു. വൈശാഖോത്സവത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി കൊട്ടിയൂരിൽ യോഗം ചേർന്നു. ഈ മാസം 28ന് നെയ്യാട്ടത്തോടെയാണ് വൈശാഖോത്സവത്തിന് തുടക്കമാവുക.

&&&&&&&&&&&&&&&&

&&&&&&&&&&&&&&